**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 910** **06-10-2021 - ൽ മറുപടിയ്ക്ക്**

**ആദിവാസി സെറ്റിൽമെന്റിലുള്ളവർക്ക് വനാവകാശ രേഖകൾ നൽകുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനാവകാശ നിയമപ്രകാരം കേരളത്തിലെ ആദിവാസി സെറ്റിൽമെന്റിലുള്ള എത്ര പേർക്കാണ് വനാവകാശ രേഖകൾ ലഭ്യമാക്കിയിട്ടുള്ളത് എന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് വനാവകാശ നിയമം (The Scheduled Tribes and Other Traditional Forest Dwellers (Recognition of Forest Rights) Act, 2006) പ്രകാരം നാളിതുവരെയായി 26600 പേർക്ക് ഭൂമിയ്ക്കുള്ള കൈവശാവകാശ രേഖ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | ഇനിയും എത്രപേർക്ക് പ്രസ്തുത രേഖകൾ നൽകാനുണ്ട് എന്ന് വിശദമാക്കാമോ; | (ബി) | വനാവകാശരേഖക്കായി ലഭിച്ച അപേക്ഷളിൽ ജില്ലാതല കമ്മിറ്റി (DLC) പാസ്സാക്കിയതിൽ കൈവശാവകാശ രേഖ നൽകാനുള്ള 1098 അപേക്ഷകളിൽ കൈവശാവകാശ രേഖ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഗ്രാമസഭയിൽ 271 അപേക്ഷകളും സബ് ഡിവിഷൻ ലെവൽ കമ്മിറ്റി ( SDLC) യിൽ 3634 അപേക്ഷകളും ജില്ലാതല കമ്മിറ്റി (DLC) യിൽ 348 അപേക്ഷകളും നിലവിലുണ്ട്. കൂടാതെ, പുതിയ അപേക്ഷകളിൽ വനാവകാശ കമ്മിറ്റികൾ മുഖേനയുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. |
| (സി) | വനാവകാശ രേഖകൾ നൽകുന്നതിനായി സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (സി) | വനാവകാശ രേഖക്കായി ലഭിക്കുന്ന അപേക്ഷകളിൽ സംയുക്ത പരിശോധനയും സർവ്വെയും നടത്തിയ ശേഷമാണ് കൈവശാവകാശ രേഖ വിതരണം ചെയ്യുന്നത്. ജില്ലാതല കമ്മിറ്റി (DLC) ക്ക് മുന്നിലുള്ള 348 അപേക്ഷകളിൽ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. സബ് ഡിവിഷൻ ലവൽ കമ്മിറ്റി (SDLC) ക്ക് മുന്നിലുള്ള 3634 അപേക്ഷകളിൽ സർവ്വെ നടത്തുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചു വരുന്നു. |
| (ഡി) | എങ്കിൽ ആയതിന്റെ പുരോഗതി വ്യക്തമാക്കാമോ? | (ഡി) | വനാവകാശ രേഖക്കായി ലഭിക്കുന്ന അപേക്ഷകളിൽ സംയുക്ത പരിശോധനയും സർവ്വെയും നടത്തിയ ശേഷമാണ് കൈവശാവകാശ രേഖ വിതരണം ചെയ്യുന്നത്. ജില്ലാതല കമ്മിറ്റി (DLC) ക്ക് മുന്നിലുള്ള 348 അപേക്ഷകളിൽ സർവ്വേ നടപടികൾ |

| | | | |
|---|---|---|---|
| | | | പൂർത്തീകരിച്ചിട്ടുണ്ട്. സബ് ഡിവിഷൻ ലവൽ കമ്മിറ്റി (SDLC) ക്ക് മുന്നിലുള്ള 3634 അപേക്ഷകളിൽ സർവ്വെ നടത്തുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ